(2003 വരെയുള്ള) കാലയളവിൽ ടി സ്ഥാപനങ്ങളിൽ ആകെ എത്ര വികലാംഗർക്ക് നിയമനങ്ങൾ നൽകേണ്ടതായിരുന്നുവെന്ന് വ്യക്തമാക്കുമോ ; അതിൽ ആകെ എത്ര വികലാംഗർക്ക് നാളിതുവരെ സ്ഥിര നിയമനം നൽകിയിട്ടുണ്ട് ; ബാക്കി എത്ര വികലാംഗർക്ക് ഇനി നിയമനങ്ങൾ നടത്തേണ്ടതായിട്ടുണ്ട് ; വിശദമായി വിവരിക്കുമോ ;

(ബി) 11-ാം കേരള നിയമസഭയുടെ സ്ത്രീകളുടേയും, കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ (2004-2006) 8-ാമത് റിപ്പോർട്ടിലെ 16-ാം ഖണ്ഡിക പ്രകാരം 15-8-1998 മുതൽ 31-12-2000 വരെ എംപ്ലോയ്മെന്റ് മുഖേന ഒരു ദിവസമെങ്കിലും ജോലി ചെയ്തിരുന്ന താൽക്കാലിക ജീവനക്കാരായ വികലാംഗരെ സ്ഥിരപ്പെടുത്തണമെന്ന ശുപാർശയിന്മേൽ നാളിതുവരെയായി 15-8-1999 വരെയുള്ള നിയമനങ്ങൾ മാത്രമേ സ്ഥിരപ്പെടുത്തിയിട്ടുള്ളു എന്നതിനാൽ ആയതിന് ശേഷമുള്ള നിയമനങ്ങൾ (15-8-1999 മുതൽ 31-12-2000 വരെ) സംബന്ധിച്ച ശുപാർശയിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ കളക്ടർമാർ വിവിധ വകുപ്പ് അദ്ധ്യക്ഷന്മാർ എന്നിവിടങ്ങളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) 15-8-1999-നു ശേഷം താല്ക്കാലിക സേവനമനുഷ്ഠിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുകയോ, ഇത്തരം അപേക്ഷകൾ പരിഗണിക്കുകയോ ചെയ്യുന്നതല്ല എന്ന് 30-11-2007-ലെ ജി.ഒ.(പി)85/07/സാ.ക്ഷേ.വ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നയപരമായ ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടി ഉത്തരവ് പുറപ്പെടുവിച്ചത്.

വികലാംഗ ക്ഷേമപെൻഷൻ

90 (4980) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വികലാംഗ ക്ഷേമപെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപ ;

(ബി) നിലവിൽ അവർക്ക് ലഭിക്കുന്നത് എത്ര രൂപയാണ് ; കുടിശ്ശിക യായി എത്ര രൂപ നൽകാനുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വർദ്ധിപ്പിച്ചിട്ടുണ്ട്. 20-7-2005-ലെ ജി.ഒ.(എം.എസ്)113/05/സാക്ഷേവ നമ്പർ ഉത്തരവു പ്രകാരം 110 രൂപയിൽ നിന്നും 140 രൂപയായും, 17-1-2008-ലെ ജി.ഒ.(എം.എസ്.)5/08/സാക്ഷേവ നമ്പർ ഉത്തരവു പ്രകാരം 1-4-2007 മുതൽ

LIBRARY ARCHIVES Kerala Legislative Assembly

മുൻകാല പ്രാബല്യത്തോടെ 160 രൂപയായും, 20-6-2008-ലെ സ.ഉ.(എം.എസ്)37/08/സാക്ഷേവ നമ്പർ ഉത്തരവു പ്രകാരം 1-4-2008 മുതൽ മുൻകാല പ്രാബല്യത്തോടെ 200 രൂപയായും, 14-1-2010-ലെ സ.ഉ(എംഎസ്.) 2/10/സാക്ഷേവ നമ്പർ ഉത്തരവുപ്രകാരം 1-4-2009 മുതൽ മുൻകാല പ്രാബല്യത്തോടെ 250 രൂപയായും, 23-6-2010-ലെ സ.ഉ.(എംഎസ്.)38/10/സാ.ക്ഷേ.വ. നമ്പർ ഉത്തരവുപ്രകാരം 1-4-2010 മുതൽ മുൻകാല പ്രാബല്യത്തോടെ 300 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വികലാംഗ പെൻഷൻ, നിലവിൽ പ്രതിമാസം 300 രൂപാ നിരക്കിലാണ് നൽകി വരുന്നത്. വിവിധ ജില്ലകളിൽ ടി പദ്ധതി പ്രകാരം 2 മുതൽ 4 മാസം വരെ കുടിശ്ശികയുണ്ട്.

കാർഷിക ജലസേചന മേഖല

91 (4981) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ജലസേചന മേഖലയിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) കാർഷിക ജലസേചന മേഖലയിൽ നടപ്പുവർഷം പരിഗണനയിലുള്ള പ്രധാന പരിപാടികൾ വ്യക്തമാക്കാമോ ;

(സി) വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും കാർഷിക ജലസേചന പരിപാടികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാർഷിക ജലസേചന മേഖലയിൽ കഴിഞ്ഞ 3 വർഷങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച തുക ഇനി പറയും വിധമാണ്.

ചീഫ് എഞ്ചിനീയർ (ഐ&എ)-യുടെ കീഴിൽ.

2007-08-19.49241 കോടി രൂപ.

2008-09-19.85408 കോടി രൂപ.

2009-10- 21.79927 കോടി രൂപ.

ചീഫ് എഞ്ചിനീയർ പ്രോജക്ട് -2-നു കീഴിൽ

2007-08-113.07 കോടി രൂപ.

2008-09-100.84 കോടി രൂപ.

2009-10-69.32 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly